വിഷയങ്ങൾ ലേബർ കോടതി/ഇൻഡസ്ട്രീയൽ ട്രിബ്യൂണലിന്റെ പരിഗണനയിൽ വിട്ട് അവരുടെ വിധി നടപ്പാക്കുകയാണ് ചെയ്യുന്നത്.

അടച്ചുപൂട്ടിയ തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

69 [3495] *ശ്രീ. എ. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തൊഴിൽ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) തൊഴിൽ വകുപ്പിന്റെ ഇടപെടൽമൂലം എത്ര വ്യവസായ സ്ഥാപനങ്ങളാണ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ അവ ഏതെല്ലാം;

(സി) വിവിധ പ്രശ്നങ്ങൾമൂലം അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒരു വ്യവസായ സ്ഥാപനം അടച്ചുപൂട്ടിയാൽ പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പ് 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തിവരുന്നു. ജില്ലാ ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെട്ട് തൊഴിലുടമകളുമായും തൊഴിലാളി പ്രതിനിധികളുമായും അനുരഞ്ജന ചർച്ചകൾ നടത്തുന്നതാണ്. പ്രശ്നം ഒത്തുതീർപ്പായില്ലെങ്കിൽ അതാത് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ/അഡീഷണൽ ലേബർ കമ്മീഷണർ/ലേബർ കമ്മീഷണർ തലത്തിലും ചർച്ചകൾ നടത്തി സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കാറുണ്ട്. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിസന്ധി നേരിടുന്ന തോട്ടം, ടെക്സ്റ്റൈൽസ്, കശുവണ്ടി എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിച്ച് സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്റെ സാന്നിദ്ധ്യത്തിലും തൊഴിൽ വകുപ്പിന്റെ വിവിധ തലങ്ങളിലും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിവരുന്നുണ്ട്.

(ബി) 6 സ്ഥാപനങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിക്കുവാൻ ധാരണയായിട്ടുണ്ട്. വയനാട് ജില്ലയിലെ ആസ്സാം ബ്രൂക്ക്, ഇടുക്കി ജില്ലയിലെ ഹെലിബറിയ, സെമിനിവാലി എന്നീ തോട്ടങ്ങളും വയനാട് ജില്ലയിലെ വാര്യാട്, പാംപ്ര എന്നീ കാപ്പിതോട്ടങ്ങളും സഹകാര്യ ഉടമയ്ക്ക് കൈമാറിയ കല്ലമ്പലത്തുള്ള കശുവണ്ടി ഫാക്ടറിയും തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കല്ലമ്പലത്തും,

LIBRARY ARCHIVES Kerala Legislative Assembly

മുഖത്തലയിലുമുള്ള കാഷ്യൂ ഫാക്ടറികൾ, വയനാട്ടിലുള്ള പഥൂർ പ്ളാന്റേഷൻസ് എന്നിവ തുറന്നു പ്രവർത്തിക്കുവാൻ ധാരണയായിട്ടുണ്ട്.

(സി) ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന സ്വകാര്യ/പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എല്ലാ വർഷവും ഓണക്കാലത്ത് 1000 രൂപാ വീതം എക്സ്ഗ്രേഷ്യാ ധനസഹായം നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന കയർ സ്ഥാപനങ്ങൾ/ സൊസൈറ്റികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് 200 രൂപാ വീതവും പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും, തോട്ടം മേഖലയിലെ തൊഴിലാളികളുടെ പത്താം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണവും, സൗജന്യ റേഷൻ ലഭിക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഓണക്കാലത്ത് 500 രൂപാ വീതം ആശ്വാസ ധനമായും വിതരണം നടത്തിവരുന്നു. കൂടാതെ, ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ളാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനത്തിനുവേണ്ടി 5 കോടി രൂപാ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മുഖേന ഇടുക്കി ജില്ലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ഓരോ കുട്ടിക്കും 2 സെറ്റ് യൂണിഫോം, ടെക്സ്റ്റ് ബുക്കുകൾ, നോട്ട് ബുക്കുകൾ, സ്കൂൾ ബാഗ്, കുട എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. തോട്ടങ്ങളിലെ തൊഴിലാളികളുടെ ആരോഗ്യ രക്ഷാപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരുന്നു. ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. അതു കൂടാതെ ലേബർ വെൽഫയർ ഫണ്ടിൽ വരിക്കാരായ തോട്ടം തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം എന്നിവ പ്രസ്തുത ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്.

തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പഠന സഹായം

70 [3496] *ശ്രീ. കെ. കെ. ജയചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പ്ളാന്റേഷൻ റിലീഫ് ഫണ്ടിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇത് എന്തെല്ലാം ആവശ്യങ്ങൾക്കാണ് അനുവദിച്ചിട്ടുള്ളത്; അനുവദിച്ച തുക പൂർണ്ണമായും വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ധനസഹായം പ്രഖ്യാപിച്ചതെന്നാണ്; ഇതനുസരിച്ച് പ്ളാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിച്ചു;

(ഡി) അനുവദിച്ച തുക പൂർണ്ണമായും പൂട്ടിക്കിടക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികളുടെ പഠന സഹായത്തിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly